# കേരള സർവകലാശാല

നം. പി.ആർ.016/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## സിൻഡിക്കേറ്റ് വാർത്തകൾ

### ലോ അക്കാദമി വിഷയം : ഉപസമിതിയെ നിയോഗിച്ചു

ലോ അക്കാദമി വിദ്യാർത്ഥി സമരവുമായി ബന്ധപ്പെട്ട വിഷയം അന്വേഷിക്കാൻ ഒമ്പതംഗ ഉപസമിതിയെ നിയോഗിക്കാൻ ഇന്ന് (21.01.2017) ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു. ഈ മാസം 23, 24 തീയതികളിൽ ലോ അക്കാദമിയിൽ വച്ച് ഉപസമിതി നടത്തുന്ന സിറ്റിംഗിൽ വിദ്യാർത്ഥികൾ, അദ്ധ്യാപകർ, രക്ഷകർത്താക്കൾ തുടങ്ങിയവർക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം പരാതികൾ സമർപ്പിക്കാവുന്നതാണ്. ഉപസമിതിയുടെ റിപ്പോർട്ട് ഈ മാസം 28-ന് ചേരുന്ന പ്രത്യേക സിൻഡിക്കേറ്റ് യോഗത്തിൽ ചർച്ച ചെയ്ത് തീരുമാനിക്കും. ഡോ.പി. രാജേഷ് കുമാർ, പ്രൊഫ. ആർ. മോഹനകൃഷ്ണൻ, അഡ്വ. ജോൺസൺ എബ്രഹാം, ശ്രീ. എം.കെ. അബ്ദുൾ റഹീം, അഡ്വ. എ.എ. റഹിം, ഡോ. ആർ. ലതാ ദേവി, ഡോ. പി.എം. രാധാമണി, ശ്രീ. കെ.എച്ച്. ബാബുജൻ, ഡോ. എം. ജീവൻലാൽ എന്നിവരാണ് ഉപസമിതിയംഗങ്ങൾ

### പി.എച്ച്.ഡി നൽകും

അസിത ആർ. (എഡ്യൂക്കേഷൻ), അഞ്ജന തമ്പി (ഇംഗ്ലീഷ്), ദിവ്യ ടി.എസ്, ലക്ഷ്മി ആർ നാഥ് (ബയോടെക്നോളജി), പ്രിയങ്ക ജി.എൽ (സുവോളജി), പ്രഭ എഫ് (തമിഴ്), സുമി എസ് (ഫിസിക്സ്), ശ്രീപാർവതി എസ്.എൽ (ഇക്കണോമിക്സ്), താഹിർ വി. (അറബിക്), വഹീദ ബീവി എം. (ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്), രോഹിണി കെ.എൻ (കെമിസ്ട്രി), മേരി എം.എൽ. (സിസ്റ്റർ ഡോറിസ്) (നഴ്സിംഗ്), സിബിൻ മാത്യു മേടയിൽ (സോഷ്യോളജി) എന്നിവർക്ക് പി.എച്ച്.ഡി നൽകാൻ സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

### ബി.എസ്സി കമ്പ്യൂട്ടർ സയൻസ് ലാബ്

കേരള സർവകലാശാല 2016 നവംബറിലും 2017 ജനുവരിയിലും നടത്തിയ കരിയർ റിലേറ്റഡ് അഞ്ച്, മൂന്ന്, ഒന്ന് സെമസ്റ്റർ ബി.എസ്സി കമ്പ്യൂട്ടർ സയൻസ് ലാബ് പരീക്ഷകൾ ഫെബ്രുവരി ഒന്ന് മുതൽ അതത് കേന്ദ്രങ്ങളിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### റിസർച്ച് അസോസിയേറ്റ് : വാക് - ഇൻ ഇന്റർവ്യൂ

കേരള സർവകലാശാല കാര്യവട്ടം ജിയോളജി പഠനവകുപ്പിൽ റിസർച്ച് അസോസിയേറ്റിന്റെ താൽകാലിക നിയമനത്തിന് ഫെബ്രുവരി എട്ട് രാവിലെ 11 മണിയ്ക്ക് വകുപ്പിൽ വാക് - ഇൻ ഇന്റർവ്യൂ നടത്തും. താൽപര്യമുള്ളവർ നിശ്ചിതമാതൃകയിലുള്ള ബയോഡേറ്റയും എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം ഹാജരാകണം. യോഗ്യത മറ്റ് വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

## ബിരുദ സർട്ടിഫിക്കറ്റ്

കേരള സർവകലാശാലയിൽ 2016-ൽ ബിരുദം പൂർത്തിയാക്കിയവരിൽ ഗ്രേസ്മാർക്കിന് അർഹതയുള്ളവർ മാർച്ച് 31-നകം അതിനുള്ള അപേക്ഷകൾ സമർപ്പിച്ചാൽ മാത്രമേ ബിരുദ സർട്ടിഫിക്കറ്റ് നൽകുവാൻ സാധിക്കുകയുള്ളൂ. ഗ്രേസ് മാർക്കിന് അർഹതയില്ലാത്തവർ, ആ വിവരം ഒരു വെള്ളക്കടലാസിൽ എഴുതി സർവകലാശാലയിലെ ബന്ധപ്പെട്ട പരീക്ഷാവിഭാഗത്തിന് സമർപ്പിച്ചാൽ ബിരുദ സർട്ടിഫിക്കറ്റ് വൈകാതെ ലഭിക്കുന്നതാണ്.

## ബി.ടെക് പരീക്ഷ

കേരള സർവകലാശാല ഏഴാം സെമസ്റ്റർ ബി.ടെക് (പാർട്ട് ടൈം - റീസ്ട്രക്ച്ചേർഡ് - 2008 സ്കീം - റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾക്ക് ഓൺലൈൻ രജിസ്ട്രേഷൻ ജനുവരി 23 മുതൽ ചെയ്യാം. പരീക്ഷയ്ക്ക് പിഴകൂടാതെ ജനുവരി 30 (50 രൂപ പിഴയോടെ ഫെബ്രുവരി രണ്ട്, 250 രൂപ പിഴയോടെ ഫെബ്രുവരി നാല്) വരെ അപേക്ഷിക്കാം. 2010, 2011 അഡ്മിഷൻ വിദ്യാർത്ഥികൾ അപേക്ഷകൾ നേരിട്ട് സർവകലാശാലയിൽ സമർപ്പിക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.ബി.എ ഫലം

കേരള സർവകലാശാല 2016 മാർച്ച്/എപ്രിലിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.ബി.എ (റഗുലർ/സപ്ലിമെന്ററി - 2009, 2014 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം. പബ്ലിക് റിലേഷൻസ് ഓഫീസർ
21.01.2017

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**